ഉത്തരം

തട്ടാർക്കടവ്, കുണിയൻ എന്നീ പാലങ്ങളുടെ പ്രാരംഭ സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. വെള്ളാപ്പ് ഇടയിലക്കാട്, തലിച്ചാലം എന്നീ പാലങ്ങളുടെ നിർമ്മാണത്തിനാവശ്യമായ സാദ്ധ്യതാ പഠനം നടന്നുവരുന്നു.

മുക്കത്ത് കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം

69 [621] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കത്ത് കടവ് പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണ പ്രവർത്തനം സ്തംഭിച്ചിരിക്കയാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിർമ്മാണ പ്രവർത്തനം പുനരാരംഭിക്കാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

ബാലുശ്ശേരി പാലം പുതുക്കിപ്പണിയാൻ നടപടി

70 [622] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ സ്റ്റേറ്റ് ഹൈവേ 38-ൽപെടുന്ന താമരശ്ശേരി ബാലുശ്ശേരി റോഡിൽ പാലം പുതുക്കി പണിയുന്നതിന് നബാർഡിന്റെ സഹായം ലഭിക്കുന്നത് സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പാലം പുതുക്കിപ്പണിയുമ്പോൾ ആവശ്യമായ സ്ഥലം എടുക്കുന്നത് സംബന്ധിച്ച് അക്വിസിഷൻ നടപടികൾ സ്വീകരിച്ചുകഴിഞ്ഞുവോ; ഇല്ലെങ്കിൽ അതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുമോ?

ഉത്തരം

(എ) നബാർഡിന്റെ RIDF-IX പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ടി പാലം പണിക്ക് നബാർഡ് ധനസഹായം ലഭിക്കുന്നതിനായി 41 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകേണ്ടതുണ്ട്. ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അക്വിസിഷൻ നടപടികൾക്കായുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly